STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.298/PR/SPMC/PHQ/2026 Date:19.07.2026

## പത്രക്കുറിപ്പ്

# ഓപ്പറേഷൻ തൂഫാൻ: കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ആഭ്യന്തര മന്ത്രി നിർവ്വഹിച്ചു

കേരള പോലീസിന്റെ 'ഓപ്പറേഷൻ തൂഫാൻ ദി നാർക്കോ ഹണ്ട്'എന്ന ലഹരി വിരുദ്ധ പരിപാടിയുടെ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വിവിധ പരിപാടികളുടെ ഉദ്ഘാടനം ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല നിർവ്വഹിച്ചു.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി തയ്യാറാക്കിയ 'ജ്വാല' എന്ന സംഗീത വീഡിയോയുടെ പ്രകാശനവും അദ്ദേഹം നിർവ്വഹിച്ചു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ സമൂഹത്തിന്റെ സജീവ പങ്കാളിത്തം ഉറപ്പാക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ചടങ്ങിൽ പങ്കെടുത്ത എല്ലാപേരെയും അദ്ദേഹം തൂഫാൻ വാരിയേഴ്സ് ആയി പ്രഖ്യാപിക്കുകയും ചെയ്തു.

എം.എൽ.എ അഡ്വ. കെ പ്രവീൺകുമാർ, ഉത്തരമേഖല ഐ.ജിയും ഓപ്പറേഷൻ തൂഫാൻ പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസറുമായ പുട്ട വിമലാദിത്യ, കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവി മെറിൻ ജോസഫ്, ജനപ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, അധ്യാപകർ, വിദ്യാർഥികൾ, പൊതുജനങ്ങൾ എന്നിവർ സംബന്ധിച്ചു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

*********************************************